"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി ബിജി മാത്യൂസ് ഫയൽ ചെയ്ത റിട്ട് ഹർജി 29211/2025 മേലുള്ള 07.08.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3479/2026/GEDN തീയതി,തിരുവനന്തപുരം, 21-05-2026

പരാമർശം:-
1. ശ്രീമതി. ബിജി മാത്യൂസ് സമർപ്പിച്ച 05.12.2024 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി 11)
2. റിട്ട് ഹർജി 29211/2025 മേലുള്ള 07.08.2025 തീയതിയിലെ വിധിന്യായം.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.10.2025 ലെ DEOPTA/1516/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/10/2025-ലെ ഇ.റ്റി.3/20076/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി ബിജി മാത്യൂസ് ഫയൽ ചെയ്ത റിട്ട് ഹർജി 29211/2025 മേലുള്ള 07.08.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 28.10.2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

2.ശ്രീമതി ബിജി മാത്യുവിന്റെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു.

"പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിൽ 05.06.2006 മുതൽ അവധി ഒഴിവിലും 01.06.2011 മുതൽ റഗുലർ യു.പി.എസ്.റ്റി. തസ്തികയിലും തുടർച്ചയായി നിയമനാംഗീകാരത്തോടെ സേവനത്തിലിരിക്കെ ടി സ്കൂളിൽ 2022-23 വർഷം ലഭ്യമായ പ്രതീക്ഷിത അധിക ഡിവിഷൻ (Anticipated additional devision) എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിൽ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശിയായ ഹർജിക്കാരിയെ 28.07.2022 മുതൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു.

നിയമനാംഗീകാരത്തിനായി 'സമന്വയ' വെബ് പോർട്ടൽ മുഖേന നിശ്ചിത സമയപരിധിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും 24.08.2023 ലെ സ.ഉ.(കൈ)നം.95/2023 തീയതി 07.07.2023 പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ HST SS തസ്തിക അനുവദിച്ചിട്ടില്ല. ഒരു എൽ.പി.എസ്.റ്റി, ഒരു യു.പി.എസ്.റ്റി. തസ്തികകളാണ് 2022-23

വർഷം അധിക തസ്തികകളായി അനുവദിച്ചത്. ആയതിനാൽ ടി നിയമനം അംഗീകരിക്കുന്നതിനാവശ്യമായ തസ്തിക ലഭ്യമല്ലാത്തതിനാൽ ശ്രീമതി ബിജി മാത്യൂസിന്റെ 28.07.2022 മുതലുള്ള HST SS തസ്തികയിലെ നിയമനം നിരസിച്ച് ഉത്തരവാകുന്നു" എന്ന പരാമർശത്തോടെ അംഗീകാരം നിരസിച്ചുത്തരവായി. ടി ഉത്തരവിനെതിരായി കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 8(5) പ്രകാരം മാനേജർ സമർപ്പിച്ച അപ്പീൽ ഹർജി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും ടി ഉത്തരവിന്മേൽ സമർപ്പിച്ച റിവിഷൻ ഹർജി ടി ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.

ടി സ്കൂളിൽ 12.08.2022 തീയതിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 12 (4) പ്രകാരം ആകസ്മിക പരിശോധന നടത്തി 6-ാം പ്രവർത്തി ദിവസത്തെ ലഭ്യമായ കുട്ടികളുടെ എണ്ണവും അക്കോമഡേഷനും ബോധ്യപ്പെട്ട് ചുവടെ വിവരിക്കുന്ന അധിക ഡിവിഷൻ/ തസ്തികകൾ അനുവദിക്കുന്നതിനായുള്ള ശുപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു.

(a) <u>അധിക ഡിവിഷനുകൾ</u>

| ക്ലാസ്സ് | I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|---|
| ഡിവിഷനുകൾ | 0 | 1 | 0 | 1 | 1 | 1 | 1 | 1 | 1 |

(b) <u>അധിക തസ്തികകൾ</u>

<u>ക്രമ നമ്പർ തസ്തികയുടെ പേര് തസ്തികയുടെ എണ്ണം</u>

1. എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് - 1

2. എച്ച്.എസ്.റ്റി. ഇംഗ്ലീഷ് - 1

3. യു.പി.എസ്.റ്റി. - 3

4. എൽ.പി.എസ്.റ്റി. - 2

5. എൽ.ജി. ഹിന്ദി (പാർട്ട് ടൈം) - 1

ഇതിനെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷം അധിക തസ്തികകൾ അനുവദിച്ച് 07.07.2023 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്ത് ചുവടെ വിവരിക്കുന്ന ഡിവിഷനുകളും തസ്തികകളും അധികമായി അനുവദിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നമ്പർ ബി4/42092/24 തീയതി 03.08.2023 ഉത്തരവ് പുറപ്പെടുവിച്ചു.

<u>ഡിവിഷനുകൾ</u>:

ക്ലാസ്സ് IV - 1 ഡിവിഷൻ

ക്ലാസ്സ് VII - 1 ഡിവിഷൻ

തസ്തികകൾ :

എൽ.പി.എസ്.റ്റി. - 1

യു.പി.എസ്.റ്റി. - 1

08.03.2023 തീയതയിലെ ഉത്തരവിൽ ശുപാർശ ചെയ്തിരുന്ന മറ്റ് അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കാതിരുന്നതിന്റെ കാരണം ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല.

2023-24 വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് സ.ഉ(കൈ)നം.106/2024/GEDN തീയതി 23.08.2024 ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ടി സ്കൂളിൽ ടി ഉത്തരവ് പ്രകാരം ചുവടെ വിവരിക്കുന്ന അധിക ഡിവിഷനുകളും തസ്തികകളും അനുവദിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു.

ഡിവിഷനുകൾ :

ക്ലാസ്സ് I - 1 ഡിവിഷൻ

ക്ലാസ്സ് IX - 1 ഡിവിഷൻ

ക്ലാസ്സ് X - 1 ഡിവിഷൻ

തസ്തികകൾ :

എൽ.പി.എസ്.റ്റി. - 1

യു.പി.എസ്.റ്റി. - 1

എച്ച്.എസ്.റ്റി. (എസ്.എസ്.) - 1

എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) - 1

മേൽ വിവരിച്ചപ്രകാരം 28.07.2022 മുതൽ ഹർജിക്കാരിയ്ക്ക് സ്ഥാനക്കയറ്റം നൽകിയ എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തിക 01.10.2023 പ്രാബല്യത്തിൽ സ്ഥാപിതമായിട്ടും ചട്ടം 43 അവകാശിയായ ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് മറ്റ് ബദൽ മാർഗ്ഗങ്ങൾ ലഭ്യമല്ലാത്തതിനാൽ സർക്കാർ മുമ്പാകെ 05.12.2024 തീയതിയിൽ റിവിഷൻ ഹർജിയും ബഹു. ഹൈക്കോടതിയിൽ 29211/2025 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തു.

i) ഉത്തരവ് റിവൈസ് ചെയ്ത് 2022-23 വർഷം ആറാം സാദ്ധ്യായ ദിവസം ലഭ്യമായ കുട്ടികളുടെയും അക്കോമഡേഷന്റെയും അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ള അർഹമായ അധിക എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തിക അനുവദിച്ച് കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശിയായ ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി (എസ്.എസ്.) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് 01.10.2022 മുതൽ അംഗീകാരവും ആനുകൂല്യവും അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം.

അഥവാ

ii) ഉത്തരവ് പ്രകാരം 2023-24 വർഷം അനുവദിച്ച എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിൽ 01.10.2023 മുതൽ ടി സ്ഥാനക്കയറ്റത്തിന് അംഗീകാരവും ആനുകൂല്യങ്ങളും നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണം"

3. ടി വിഷയത്തിന്മേലുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ചെറുകുളഞ്ഞി ബി.എ.എച്ച്.എസ്. മാനേജർ, ടി സ്കൂളിലെ യു.പി.എസ്.റ്റി ശ്രീമതി ബിജി മാത്യൂസിനെ സ്ഥാനക്കയറ്റം നൽകി 2022-23 വർഷം ഉണ്ടയേക്കാവുന്ന അധിക HST SS തസ്തികയിൽ 28/07/2022 മുതൽ നിയമിച്ചു. ടി സ്കൂൾ പുതുതായി ആരംഭിച്ച ഗണത്തിൽ ഉൾപ്പെടുന്നു. ശ്രീമതി ബിജി മാത്യൂസിനെ നിയമിക്കുമ്പോൾ ടി സ്കൂളിൽ വടശ്ശേരിക്കര റ്റി.റ്റി.റ്റി.എം.വി.എച്ച്.എസ്.എസ്-ലെ ശ്രീ. ബിനു ഏബ്രഹാം സംരക്ഷിത അദ്ധ്യാപികനായി എച്ച്.എസ്.റ്റി. (പി.എസ്.) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

എന്നാൽ സ.ഉ.(കൈ)നം.95/2023 തീയതി 07/07/2023 പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ HST SS തസ്തിക അനുവദിച്ചിട്ടില്ല. ഒരു എൽ.പി.എസ്.റ്റി. തസ്തികയും ഒരു യു.പി.എസ്.റ്റി തസ്തികയും ആണ് 2022-23 വർഷം അധിക തസ്തികകളായി ടി സ്കൂളിൽ അനുവദിച്ചത്. ആയതിനാൽ ടി നിയമനം അംഗീകരിക്കുന്നതിനാവശ്യമായ തസ്തിക ലഭ്യമായിട്ടില്ലാത്തതിനാൽ ശ്രീമതി ബിജി മാത്യൂസിന്റെ 28/07/2022 മുതലുള്ള HST SS തസ്തികയിലെ നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ച് ഉത്തരവായിരുന്നു.

തുടർന്ന് മാനേജർ ബഹു: വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും സ.ഉ.(കൈ)നം.95/2023 തീയതി 07/07/2023 പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ ടി സ്കൂളിൽ HST SS തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ മാനേജർ സമർപ്പിച്ച അപ്പീൽ കെ.ഇ.ആർ അധ്യായം 14 എ ചട്ടം 8 (3 ) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു.

മേൽ പരാമർശിച്ചിട്ടുള്ള നിരസിക്കൽ ഉത്തരവുകൾക്കെതിരെ മാനേജർ ഈ കാര്യാലയത്തിലേക്കു റിവിഷൻ അപ്പീൽ സമർപ്പിച്ചു. ആയത് മേൽ പരാമർശിച്ചിട്ടുള്ള കാരണങ്ങളാൽ തന്നെ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുണ്ട്."

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചെറുകുളഞ്ഞി ബി.എ.എച്ച്.എസ്. മാനേജർ ടി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി ബിജി മാത്യുവിനെ സ്ഥാനക്കയറ്റം നൽകി 2022-23 വർഷം ഉണ്ടായേക്കാവുന്ന അധിക എച്ച്.എസ്.ടി. (എസ്.എസ്) തസ്തികയിൽ 28.07.2022 മുതൽ നിയമിച്ചു. എന്നാൽ G.O.(MS)95/2023 dated 07/07/2023 പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ എച്ച്.എസ്.ടി. (എസ്.എസ്.) തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം അംഗീകരിക്കപ്പെട്ടില്ല. ശ്രീമതി ബിജി മാത്യുവിന് 05.06.2006 മുതൽ അവധി ഒഴിവിലും 01.06.2011 മുതൽ റെഗുലർ തസ്തികയിലും തുടർച്ചയായ അംഗീകൃത സേവനമുണ്ട്. 09.03.2018 ലെ 1866829/ജെ3/17/പൊ.വി.വ. സർക്കുലർ പ്രകാരം കെ-ടെറ്റ് പാസാകുന്നതിന് സ്ഥിരമായി ഇളവ് ലഭിച്ചിട്ടുണ്ട് എന്ന് ഹർജിക്കാരി അറിയിച്ചിട്ടുണ്ട്.

5.ഹർജിക്കാരിയുടെ സ്ഥാനക്കയറ്റത്തിന് 01.10.2022 മുതൽ അംഗീകാരം നൽകുകയോ അത് സാധ്യമല്ലെങ്കിൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B4/62446/2023 dated 23/11/2024 ഉത്തരവുപ്രകാരം 2023-24 വർഷം അനുവദിച്ച എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിൽ 01.10.2013 മുതൽ സ്ഥാനക്കയറ്റത്തിന് അംഗീകാരവും ആനുകൂല്യങ്ങളും നൽകണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം.

6.സ.ഉ.(കൈ)നം.95/2023 തീയതി 07/07/2023 പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ ടി സ്കൂളിൽ HST SS തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ 2022-23 വർഷം ശ്രീമതി ബിജി മാത്യൂസിന്റെ 28/07/2022 മുതലുള്ള HST SS തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാനാകില്ല. 2023-24 വർഷം തസ്തിക നിർണ്ണയത്തിൽ സോഷ്യൽ സയൻസ് തസ്തിക അനുവദിച്ചിട്ടുള്ള പക്ഷം 01.10.2023 മുതൽ ശ്രീമതി ബിജി മാത്യുവിന്റെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു നൽകുന്നതിന് വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7.മേൽപ്രകാരം എക്സിബിറ്റ് പി11 റിവിഷൻ ഹർജി തീർപ്പാക്കി ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 29211/2025 മേലുള്ള 07.08.2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ബിജി മാത്യൂസ്, എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്), ബി.എ.ഹൈസ്കൂൾ, ചെറുകുളഞ്ഞി പി.ഒ., ചെറുകുളഞ്ഞി, പത്തനംതിട്ട-689 673.
മാനേജർ, ബി.എ. ഹൈസ്കൂൾ, ചെറുകുളഞ്ഞി പി.ഒ., ചെറുകുളഞ്ഞി, പത്തനംതിട്ട-689 673.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട-689 645.

പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(02.04.2026 ലെ GE-JA3/69/2026-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/138/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 22-05-2026 10:14:46

സെക്ഷൻ ഓഫീസർ